The Kerala State Higher Education Council
Thiruvananthapuram, Kerala

Printed at C-apt, Tvpm

# ചോയ്സ് അടിസ്ഥാനത്തിലുള്ള ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം

## റിപ്പോർട്ട് - 2012




കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

# ചോയ്സ് അടിസ്ഥാനത്തിലുള്ള ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം - റിപ്പോർട്ട് 2012

## സമിതി അംഗങ്ങൾ

**അധ്യക്ഷ**

പ്രൊഫ.ബി.ഹൃദയകുമാരി

**കൺവീനർ**

പ്രൊഫ. ലോപ്പസ് മാത്യു,

**അംഗങ്ങൾ**

ഡോ. വീരമണികണ്ഠൻ

ഡോ.എം.സി.ദിലീപ് കുമാർ

പ്രൊഫ. ജോൺ ജോസഫ്

ഡോ.സി.കെ.ജയിംസ്

ഡോ. സെയിനുൾ ആബിദ് കോട്ട

അംബാസഡർ (റിട്ട.) ടി.പി. ശ്രീനിവാസൻ
വൈസ് ചെയർമാൻ

## ആമുഖം

ചോയ്സ് അടിസ്ഥാനത്തിലുള്ള ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട്, സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിലെ പുന:സംഘടിപ്പിക്കപ്പെട്ട ബിരുദതല വിദ്യാഭ്യാസ പദ്ധതി പുതിയ രൂപത്തിലേയ്ക്ക് മാറ്റേണ്ടതിന്റെ ആവശ്യകത, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതിയുടെ പുതിയ ഭരണസമിതി അധികാരമേറ്റെടുത്ത കാലത്തുതന്നെ മനസ്സിലാക്കിയിരുന്നതാണ്. ആയതിനാൽ ഉന്നത വിദ്യാഭ്യാസ സമിതി, തിരുവനന്തപുരത്തെ സർക്കാർ വനിതാ കോളേജിലെ മുൻപ്രിൻസിപ്പാളും പ്രമുഖ വിദ്യാഭ്യാസ വിചക്ഷണയുമായ പ്രൊഫ. ബി. ഹൃദയകുമാരിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ മേഖലയിൽ താല്പര്യമുള്ള വിവിധ സംഘടനകളും വ്യക്തികളുമായി നടത്തിയ ദീർഘമായ ചർച്ചകൾക്കൊടുവിൽ തയ്യാറാക്കിയ റിപ്പോർട്ട്, ബിരുദതല വിദ്യാഭ്യാസ പദ്ധതിയുടെ ഘടനയും നടപ്പാക്കലും സംബന്ധിച്ച് നിരവധി പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു. സി.ബി.സി.എസ്.എസ് തുടരണമെന്നും എന്നാൽ അത് സിലബസിലും പരീക്ഷാ രീതിയിലും പ്രസക്തമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാകണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്തു. റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയും അത് വിശാലവും, യുക്തിഭദ്രവും പ്രായോഗികവുമാണെന്ന് കണ്ട് അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയ്ക്ക് 2012 സെപ്റ്റംബർ 6-ന് സമർപ്പിച്ചു.

അംബാസഡർ (റിട്ട.) ടി.പി. ശ്രീനിവാസൻ

തിരുവനന്തപുരം
06/10/2012

## സി.ബി.സി.എസ്.എസ് ന്റെ ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള എക്സിക്യൂട്ടീവ് കൗൺസിലിന്റെ ശുപാർശകൾ

**2012 ജൂലൈ 19 നു ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ പ്രൊഫ. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ട് സമഗ്രവും യുക്തവും പ്രായോഗികവുമാണെന്നുകണ്ട് തത്ത്വത്തിൽ അംഗീകരിച്ചു. സി.ബി.സി.എസ്.എസ് സമ്പ്രദായം ചില പ്രധാനപ്പെട്ട മാറ്റങ്ങളോടെ തുടരണമെന്ന് ശുപാർശ ചെയ്യുന്നു.**

### I ചുവടെ നൽകിയിരിക്കുന്ന ശുപാർശകൾ എക്സിക്യൂട്ടീവ് കൗൺസിൽ ഗവൺമെന്റിനു സമർപ്പിക്കുന്നു.

1. ഓരോ ചോദ്യത്തിനും ഗ്രേഡുനൽകുന്നതിനുപകരം മാർക്കുനൽകുന്ന സമ്പ്രദായം നടപ്പാക്കണം. ഓരോ സെമസ്റ്ററിനും മാർക്കിന്റെ അടിസ്ഥാനത്തിൽ നോഷണൽ ഗ്രേഡിംഗ് സൂചിപ്പിക്കാവുന്നതാണ്. ഓവർ ആൾ ഗ്രേഡ് 7 പോയിന്റ് സ്കെയിൽ ആക്കുകയും അത് പ്രോഗ്രാമിന്റെ അവസാനം മാത്രം നൽകുകയും വേണം.

2. ഓരോ സെമസ്റ്ററിന്റെയും അവസാനം എല്ലാ കോഴ്സുകളുടെയും ആഭ്യന്തര വിലയിരുത്തലിന് ടെസ്റ്റുപേപ്പറിന് 10 മാർക്ക്, സെമിനാർ അസൈൻമെന്റിന് 5 മാർക്ക് ഹാജറിന് 5 മാർക്ക് (ആകെ 20 മാർക്ക്) നൽകണം.

3. ബാഹ്യവിലയിരുത്തലിനായി കോർവിഷയങ്ങളിലും നിർബന്ധിത ഭാഷാ വിഷയങ്ങളിലും 2,4,6 സെമസ്റ്ററുകളിൽ സർവകലാശാലകൾ പരീക്ഷ നടത്തുകയും അവ കേന്ദ്രീകൃത വിലയിരുത്തൽ നടത്തുകയും വേണം. 2,4,6 സെമസ്റ്ററുകളുടെ അവസാനത്തിൽ എല്ലാ പ്രാക്ടിക്കൽ പരീക്ഷകളും നടത്തണം.

4. എല്ലാ സെമസ്റ്ററുകളുടെയും അവസാനത്തിൽ കോംപ്ലിമെന്ററി വിഷയങ്ങൾക്കും എലക്ടീവുകൾക്കും ഓപ്പൺ കോഴ്സുകൾക്കും അഡീഷണൽ ലാംഗ്വേജുകൾക്കും പരീക്ഷ നടത്തണം. എല്ലാ ചോദ്യപേപ്പറുകളും സർവകലാശാലകൾ തയാറാക്കണം. ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ വീട്ടിൽവച്ച് വിലയിരുത്തുകയും രണ്ട്, നാല്, ആറ് സെമസ്റ്റർ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ കേന്ദ്രീകൃത മൂല്യനിർണയം നടത്തുകയും വേണം.

5. വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഇടവേളകൾക്കു (പരമാവധി 10 ദിവസം) പുറമേ രണ്ടു മാസത്തെ വേനലവധി ഉണ്ടായിരിക്കണം.

6. എൻ.സി.സി, എൻ.എസ്.എസ്, സ്പോർട്സ് ആൻഡ് ആർട്സ് തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിനും പരമാവധി 4 ക്രെഡിറ്റ് വരെ നൽകാം.

7. യൂണിവേഴ്സിറ്റികൾക്കുള്ളിലോ മറ്റു യൂണിവേഴ്സിറ്റികളിലേക്കോ മാറിപ്പോകുന്നവരും ക്രെഡിറ്റ് ബാങ്കിൽ 20 ക്രെഡിറ്റ് എങ്കിലും ഉള്ളവരുമായ വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അവസരം ലഭിക്കാൻ വേണ്ടതായ സൗകര്യം യൂണിവേഴ്സിറ്റികൾ ഒരുക്കണം.

8. സി.ബി.സി.എസ്.എസ് നു കീഴിൽ നടക്കുന്ന ഒരു പരീക്ഷയിലും മോഡറേഷൻ അനുവദിക്കേണ്ടതില്ല.

9. ഇൻഫൊർമാറ്റിക്സ് കോഴ്സുകൾക്ക് യോഗ്യതയുള്ള അധ്യാപകരെയും സുസജ്ജമായ ലബോറട്ടറികളും ലഭ്യമാക്കണം.

10. മെത്തഡോളജി കോഴ്സുകൾ ബിരുദതലത്തിൽ നിന്ന് ബിരുദാനന്തര തലത്തിലേക്കു മാറ്റാവുന്നതാണ്.

11. സെമസ്റ്റർ സമ്പ്രദായം ഫലപ്രദമാക്കുന്നതിന് കോഴ്സുകളുടെ എണ്ണം, പാഠ്യപദ്ധതി, നിർദ്ദേശിക്കുന്ന പാഠപുസ്തകങ്ങൾ എന്നിവ യുക്തി സഹമാക്കുകയും പുനഃക്രമീകരണങ്ങൾ നടത്തുകയും ചെയ്യാൻ ബോർഡ് ഓഫ് സ്റ്റഡീസ് ശ്രദ്ധിക്കണം.

ബോർഡ് ഓഫ് സ്റ്റഡീസ് അധ്യാപകരുമായി ചർച്ച ചെയ്ത് പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും മാറ്റം വരുത്തണം. എല്ലാ കോളേജുകളിലെയും എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും അധ്യാപകരുടെ മീറ്റിംഗുകൾ വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടു തവണയെങ്കിലും ചേരണം, ഒന്ന് പഠന വർഷത്തിന്റെ മധ്യത്തിലും മറ്റൊന്ന് വർഷാവസാനത്തോടടുത്തും. ഈ മീറ്റിംഗുകളിലെ ശുപാർശകൾ ബോർഡ് ഓഫ് സ്റ്റഡീസ് പരിഗണിക്കണം.

പാഠപുസ്തകങ്ങളിൽ ഒരു തരത്തിലുള്ള രാഷ്ട്രീയ പക്ഷപാതിത്വവും ഇല്ല എന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ഉറപ്പാക്കണം, പ്രത്യേകിച്ചും വെറും പ്രചരണപരമായവ. ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന് പ്രത്യേക ശ്രദ്ധ ലഭിക്കണം. ബിരുദധാരികൾ ഇംഗ്ലീഷ് ഭാഷയുടെ വാമൊഴിയിലും വരമൊഴിയിലും പ്രാവീണ്യമുള്ളവരായിരിക്കണം. പാഠ്യപദ്ധതിയിൽ ഇതിനാവശ്യമായ മാറ്റങ്ങൾ വരുത്തണം.

ബോർഡ് ഓഫ് സ്റ്റഡീസുകൾക്ക് ഇന്ത്യയിലെ പ്രസിദ്ധങ്ങളായ മറ്റു സർവകലാശാലകളുമായും വിദേശത്തെ കുറച്ചു യൂണിവേഴ്സിറ്റികളുമായെങ്കിലും സ്ഥിരമായ ബന്ധങ്ങൾ ഉണ്ടായിരിക്കണം. വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രധാനപ്പെട്ട മേഖലകളിലെയും വിദഗ്ധരെ കണ്ടെത്തുകയും അവരുമായി സ്ഥിരമായി ആശയവിനിമയം നടത്തുകയും ചെയ്യണം. ബോർഡ് ഓഫ് സ്റ്റഡീസിന് ക്രമീകൃതമായ പ്രവർത്തനം സാധ്യമാകത്തക്കവിധത്തിലുള്ള ഒരു രീതിശാസ്ത്രം വികസിപ്പിക്കണം.





## കേരളത്തിലെ സർവകലാശാലകളിൽ അംഗങ്ങളായിട്ടുള്ള കോളേജുകളിലെ ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിലെ പ്രശ്നങ്ങളെ ക്കുറിച്ച് പഠിക്കുന്നതിനും മെച്ചപ്പെടുത്തലിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതി ഉന്നത വിദ്യാഭ്യാസ സമിതിയുടെ വൈസ് ചെയർമാന് സമർപ്പിക്കുന്ന റിപ്പോർട്ട്

| | |
|---|---|
| ഭാഗം I | ആമുഖവും പശ്ചാത്തലവും |
| ഭാഗം II | പ്രധാന ശുപാർശകൾ |
| ഭാഗം III | പ്രശ്നങ്ങളും പരിഹാരങ്ങളും |
| ഭാഗം IV | പ്രത്യേക നിർദ്ദേശങ്ങൾ |